"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് - 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ ആദ്യ ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.285/2026/CLAD തീയതി,തിരുവനന്തപുരം, 05-05-2026

പരാമർശം:-
1. 04.08.2020 -ലെ 103/2020/ധന നമ്പർ സർക്കുലർ
2. 04.01.2021 -ലെ 1/2021/ധന നമ്പർ സർക്കുലർ
3. 26.07.2022 -ലെ 65/2022/ധന നമ്പർ സർക്കുലർ
4. കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 04.04.2026, 24.04.2026 തീയതികളിലെ 1081/ഇ4/2025/എസ് ഐ ഇ പി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് 2026-27 സാമ്പത്തിക വർഷം "2202-05-102-98-00-36-(NP)" എന്ന ശീർഷകത്തിൽ പദ്ധതിയേതരവിഹിതമായി വകയിരുത്തിയിട്ടുള്ള 291.72 ലക്ഷം രൂപയിൽ നിന്നും ഒന്നാം ഗഡു അനുവദിക്കുന്നതിനായി പരാമർശം (4) പ്രകാരം ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയേതരയിനത്തിൽ ആദ്യ ഗഡുവായി ഒരു കോടി രൂപ അടിയന്തിരമായി അനുവദിച്ചു നൽകണമെന്ന് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 മെയ് മാസം 31 -ാം തീയതിക്ക് മുൻപ് **"2202-05-102-98-00-36(NP)** ശീർഷകത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ മുഴുവൻ റീകൺസിലിയേഷൻ രേഖകൾ അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചതിന്റെ പകർപ്പ് ഹാജരാക്കണമെന്ന വ്യവസ്ഥയിൽ കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനായി 2026-27 സാമ്പത്തിക വർഷത്തിലേയ്ക്ക് പദ്ധതിയേതരയിനത്തിൽ **"2202-05-102-98-00-36(NP)**എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ആദ്യ ഗഡുവായി **58,34,400/-രൂപ (അൻപത്തിയെട്ട് ലക്ഷത്തി മുപ്പത്തി നാലായിരത്തി നാനൂറ് രൂപ മാത്രം)** അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പരാമർശം (1) ലെ നിബന്ധന പ്രകാരം പ്രസ്തുത തുക കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **799011400006874** എന്ന **STSB** അക്കൗണ്ട് നമ്പറിലേയ്ക്ക് ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം വിശദമായ ചെലവ് വിവരം എന്നിവ ഉൾപ്പെടെ അടുത്ത ഗഡുവിനായുള്ള ശിപാർശ പരാമർശം (1) ലും (3) ലും നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, സ്ഥാപനത്തിൽ ജി സ്പാർക്ക് നടപ്പിലാക്കിയതിനു ശേഷം മാത്രം ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്,
തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള,
തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ വകപ്പ് (02.05.2026 ലെ 3479368 EDN-D2/67/2026-FIN നമ്പർ പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപൂരം
ഡയറകർ ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (C1/47/2026-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 05-05-2026 17:24:15
സെക്ഷൻ ഓഫീസർ